**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1118** **06.02.2020-ൽ**

**മറുപടിക്ക്**

## കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

| **ചോദ്യം**<br>**ശ്രീമതിഷാനിമോൾ ഉസ്മാൻ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന് 2017-18 ലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകി വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചതി-നെത്തുടർന്ന് 16/03/2019-ന് 33.144 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. |
| (ബി) എത്ര രൂപയ്ക്കായിരുന്നു ഇതിന് ഭരണാനുമതി നൽകിയത്; സാങ്കേതിക അനുമതി നൽകിയത് എത്ര രൂപയ്ക്കാണ്; വിശദാംശം അറിയിക്കാമോ; | (ബി) ഭരണാനുമതി തുക - 20 കോടി<br>കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി തുക - 33.144 കോടി<br>സാങ്കേതികാനുമതി - ലഭിച്ചിട്ടില്ല. |
| (സി) ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കാമോ; | (സി) പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ 135 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 01/10/2019 ൽ സർക്കാർ അനുമതി നൽകി. സ്ഥലമേറ്റെടുപ്പ് നടപടികൾ ആലപ്പുഴ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു. |
| (ഡി) ഇതിന്റെ പണി ആരംഭിച്ചിട്ടുണ്ടോ; പണികൾ എപ്പോഴത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) ആരംഭിച്ചിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിനുശേഷം മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. പദ്ധതിയുടെ |

പൂർത്തീകരണ കാലാവധി കരാർ ഉറപ്പിച്ച ശേഷം 2 വർഷമായാണ് കണക്കാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ